**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2306748

നം: ADFW/623/2026-TG3 തിയ്യതി:23-06-2026

## പ്രസിദ്ധീകരണത്തിന്

## കാർഷികയന്ത്രോപകരണങ്ങൾക്കുള്ള (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി SMAM) ഓൺലൈൻ അപേക്ഷ 01/07/2026 മുതൽ

കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി SMAM). പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു.ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30 ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം അനുവദിക്കുന്നു. കൂടാതെ FRA പട്ടയുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാണ്.

വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള അപേക്ഷകളിൽ, അർഹരായ അപേക്ഷകരുടെ എണ്ണം അനുവദിച്ചിട്ടുള്ള ലക്ഷ്യത്തേക്കാൾ കൂടുതലാകുന്ന സാഹചര്യങ്ങളിൽ, Agrimachinery Portal-ൽ പുതുതായി ഉൾപ്പെടുത്തിയ Online Lottery Module മുഖേന സുതാര്യവും നീതിപൂർണ്ണവുമായ രീതിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ അപേക്ഷകർക്കും ലോട്ടറി നടപടിയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭ്യമാകും. ലോട്ടറി നടപടികളുടെ തീയതി, സമയം, ഫലം എന്നിവ Agrimachinery Portal മുഖേന പ്രസിദ്ധീകരിക്കുന്നതാണ്.

പദ്ധതി ചെലവ് ₹10 ലക്ഷം കവിയുന്ന Custom Hiring Centre (CHC), Farm Machinery Bank (FMB) പദ്ധതികൾ Credit Linked Back Ended Capital Subsidy മാതൃകയിലാണ് നടപ്പിലാക്കുന്നത്. അംഗീകൃത ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് SMAM മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള സബ്സിഡി Back Ended Capital Subsidy ആയി അനുവദിക്കുന്നതാണ്.

2026-2027 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി **01/07/2026, 11.00 AM മുതൽ** http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്.

പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ താഴെ പറയുന്ന ഫോൺ നമ്പറുകളിലോ ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്. **(ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 0471-2306748, 0477-2266084, 0495-2725354, e-mail : smamkerala@gmail.com).**

വിശ്വസ്തതയോടെ

Dr Sriram Venkitaraman IAS
DIRECTOR

Digitally signed by
Jayarajan R
Date: 23-06-2026
14:49:59